
കവർസ്റ്റോറി

മുഹമ്മദ് ശമീം

# ദേശവും രാഷ്ട്രവും വംശീയതയും ഫാഷിസത്തിന്റെ സാമൂഹിക ദർശനം



ദേശീയമായ അപമാനത്തെക്കുറിച്ച വ്യാജവാദങ്ങളാണ് ഇന്ത്യൻ ഫാഷിസത്തിന്റെ ആധാരമായിത്തീർന്നത്. ദേശീയതയുമായി ബന്ധപ്പെട്ട് ഏകമുഖമായ ഒരു സാംസ്കാരിക വീക്ഷണം മുന്നോട്ടുവെക്കുകയും ഇതര സമൂഹങ്ങളും സംസ്കാരങ്ങളും ഇതിനെ തകർക്കുന്നവരാണെന്നാരോപിക്കുകയും ചെയ്തു. അതിനായി ചരിത്രത്തെ വികലമായും വൈകാരികമായും വായിച്ചു. അസത്യങ്ങളെ ചരിത്രമായവതരിപ്പിച്ചു. ഫാഷിസ്റ്റ് ഹിന്ദുത്വ ദർശനത്തിനു കീഴിൽ അസത്യം ഒരു മാനസികാവസ്ഥ തന്നെയായി മാറുന്നത് ചെറുകഥാകൃത്തായ ആർ. ഉണ്ണി തന്റെ അനുഭവങ്ങളിലൂടെ വരച്ചുകാണിക്കുന്നുണ്ട്.

**ഒരു** കണ്ണിന് ക്ഷതം പറ്റിയിട്ടുണ്ടായിരുന്ന നാസി പട്ടാള ഓഫീസർ നേരമ്പോക്കിനായി തടവുകാരനായ ജൂതനോട് പറഞ്ഞു: “എന്റെ ഒരു കണ്ണ് ശരിക്കുള്ളതും മറ്റേത് ഗ്ലാസുകൊണ്ടുള്ള കൃത്രിമക്കണ്ണുമാണ്. ഏതാണ് കൃത്രിമം എന്ന് ശരിയായിപ്പറഞ്ഞാൽ നിന്നെ വെറുതെ വിടും.”

യഹൂദൻ അയാളുടെ മുഖത്തേക്കു നോക്കിയിട്ട് പറഞ്ഞു: “സർ, താങ്കളുടെ ഇടതു കണ്ണാണ് ഗ്ലാസുകൊണ്ടുള്ളത്.”

ഓഫീസർ: “കൊള്ളാം. തനിക്കതെങ്ങനെ കൃത്യമായി മനസ്സിലായി.”

യഹൂദൻ: “ആ കണ്ണിലാണ് സാർ, എന്നോടുള്ള ദയ ഞാൻ കാണുന്നത്.”

* * * *

പൗരാണിക റോമിലെ അധികാര ചിഹ്നമാണ് ഫാഷിയ (Fascia). ‘റോമൻ ഭടന്റെ കൈയിലെ മഴുവും ഇരുമ്പു ദണ്ഡുകളും’ എന്നാണ് ഈ വാക്കിന്റെ അർഥം. രാഷ്ട്രീയം അധികാര കേന്ദ്രിതവും അധികാരം ആയുധബലത്തിലധിഷ്ഠിതവുമായിരിക്കുന്നതിന്റെ പ്രതീകമാണത്.

ഫാഷിയ എന്ന വാക്കിൽനിന്നാണ് ഫാഷിസം (Fascism) ഉണ്ടാവുന്നത്. ഫാഷിസം അധികാരത്തിൽ മാത്രം വിശ്വസിക്കുന്നു. കരുത്തും അതിജീവനശേഷിയുമാണ് അതംഗീകരിക്കുന്ന മൂല്യങ്ങൾ. അധികാര പ്രാപ്തിക്കുവേണ്ടി അക്രമവും യുദ്ധവും ന്യായീകരിക്കത്തക്കതാവുമെന്നും അതു വിശ്വസിക്കുന്നു.

1932-ൽ എൻസൈക്ലോപീഡിയ ഇറ്റാലിയാനക്കുവേണ്ടി ബെനിറ്റോ മുസ്സോളിനി എഴുതിയ Doctrine of Fascism എന്ന ലേഖനവും, അഡോൾഫ് ഹിറ്റ്ലറുടെ ആത്മകഥയായ Mien Kamph-ഉമാണ് ഫാഷിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. ദേശീയമായ അപമാനത്തിന്റെയും നൈരാശ്യബോധത്തിന്റെയും ഫലമായാണ് ഇറ്റലിയിലും ജർമനിയിലും ഫാഷിസ്റ്റ് പ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. 1919 വേഴ്സയിൽസ് ഉടമ്പടിയെത്തുടർന്ന് ഈ രാജ്യങ്ങളിലുണ്ടായ അതൃപ്തി അമിതമായ സ്വദേശബോധമായും പിന്നീട് അക്രാമക ദേശീയതയായും വളർന്നു. നന്മതിന്മകളെക്കുറിച്ച സങ്കൽപത്തിന്റെ പോലും ആധാരം ഈ ദേശബോധമായിത്തീർന്നു. മുസ്സോളിനിയുടെ പ്രഖ്യാപനമനുസരിച്ച് ഇറ്റലിക്ക് കീർത്തി വരുത്തുന്ന ഏതു പ്രവർത്തനവും

നന്മയാണ്. അതിന്റെ സ്വഭാവമോ മാർഗമോ ഒന്നും പ്രശ്നമല്ല. അക്രമാധിഷ്ഠിതമാണ് ഫാഷിസത്തിന്റെ രാഷ്ട്രീയം. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ എന്തക്രമവുമാവാം. കൈയേറ്റങ്ങളും കൊള്ളിവെപ്പുകളും ആവശ്യമാണെന്ന് മുസ്സോളിനി സിദ്ധാന്തിച്ചു.

ദേശീയമായ അപമാനത്തെക്കുറിച്ച വ്യാജവാദങ്ങളാണ് ഇന്ത്യൻ ഫാഷിസത്തിന്റെ ആധാരമായിത്തീർന്നത്. ദേശീയതയുമായി ബന്ധപ്പെട്ട് ഏകമുഖമായ ഒരു സാംസ്കാരിക വീക്ഷണം മുന്നോട്ടുവെക്കുകയും ഇതര സമൂഹങ്ങളും സംസ്കാരങ്ങളും ഇതിനെ തകർക്കുന്നവരാണെന്നാരോപിക്കുകയും ചെയ്തു. അതിനായി ചരിത്രത്തെ വികലമായും വൈകാരികമായും വായിച്ചു. അസത്യങ്ങളെ ചരിത്രമായവതരിപ്പിച്ചു. ഫാഷിസ്റ്റ് ഹിന്ദുത്വ ദർശനത്തിനു കീഴിൽ അസത്യം ഒരു മാനസികാവസ്ഥ തന്നെയായി മാറുന്നത് ചെറുകഥാകൃത്തായ ആർ. ഉണ്ണി തന്റെ അനുഭവങ്ങളിലൂടെ വരച്ചുകാണിക്കുന്നുണ്ട് (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2008 നവംബർ 23). യാഥാർഥ്യത്തെ വസ്തുതാപരമായി നേരിടാനുള്ള ഭയത്തിൽനിന്നാണ് ഈ മാനസികാവസ്ഥയുണ്ടാകുന്നതെന്നും, യാഥാർഥ്യത്തെ യാഥാർഥ്യമായി കാണാനുള്ള ശേഷിക്കുറവിൽനിന്നാണ് ഒരാൾ ഫാഷിസ്റ്റിലേക്ക് മനഃപരിവർത്തനം ചെയ്യുന്നതെന്നും അദ്ദേഹം എഴുതുന്നു. ഈ മനഃപരിവർത്തനത്തെ മൃഗപരിവർത്തനം എന്നാണ് കെ.ഇ.എൻ വിശേഷിപ്പിച്ചത് (*പച്ചക്കുതിര* 2008 നവംബർ). ഒറീസ്സയിലെ പ്രശ്നം മതപരിവർത്തനമല്ല, മൃഗപരിവർത്തനമാണെന്ന് അദ്ദേഹം എഴുതി. അതായത് മനുഷ്യന്റെ മൃഗാവസ്ഥയിലേക്കുള്ള മാറ്റം. ഫാഷിസം മനുഷ്യനെ രാക്ഷസീയ പരിവർത്തനത്തിന് വിധേയമാക്കുന്നു.

## ഭയം ഉൽപാദിപ്പിക്കുന്നതിനുള്ള വ്യാജവാദങ്ങൾ

വ്യാജവാദങ്ങളും വ്യാജ പരിവേഷങ്ങളും ഇന്ത്യയിൽ ഫാഷിസ്റ്റുകൾ അക്രമങ്ങൾക്ക് ന്യായീകരണമാക്കുന്നു. ചില പ്രത്യേക വിഭാഗങ്ങളെയും പ്രത്യേക പ്രദേശങ്ങളെയും ചൂണ്ടി വിഭ്രാന്തി ജനിപ്പിക്കൽ ഇതിന്റെ ഭാഗമാണ്. ശത്രുവെന്ന് മുദ്രകുത്തപ്പെട്ടവരുടെ ശേഷിയെപ്പറ്റി പൊലിപ്പിച്ചു പറയാൻ ഹിറ്റ്ലറും മുസ്സോളിനിയും നിർദേശിച്ചിരുന്നു. ഇന്ത്യൻ ഫാഷിസ്റ്റുകൾ കേരളത്തിൽ മലപ്പുറം, കണ്ണൂർ ജില്ലകളെക്കുറിച്ച് വിഭ്രാന്തി ജനി




പ്പിക്കുമ്പോൾ, മുസ്‌ലിംകളെയും കമ്യൂണിസ്റ്റുകളെയും കുറിച്ച് വ്യാജമായ ഭയം ഉൽപാദിപ്പിക്കപ്പെടുകയാണ്. കണ്ണൂരിനെപ്പറ്റി അക്രമ പ്രദേശമെന്ന ബോധ്യമുണ്ടാക്കുന്നതിനു വേണ്ടി ബോധപൂർവം സൃഷ്ടിക്കുന്ന പ്രകോപനങ്ങളോട് ഫാഷിസ്റ്റുകളുദ്ദേശിക്കുംവിധം തന്നെ പ്രതികരിച്ചുകൊണ്ട് മാർക്സിസ്റ്റുകൾ ഫാഷിസ്റ്റ് അജണ്ടയെ സഹായിക്കുകയും ചെയ്യുന്നു. ഭയം ഉൽപാദിപ്പിച്ചുകൊണ്ട് മാത്രമാണ് ഫാഷിസം നിലനിൽക്കുന്നത്. 1933ൽ ജർമൻ പാർലമെന്റിൽ തീപ്പിടുത്തമുണ്ടായി. കമ്യൂണിസ്റ്റുകളെയായിരുന്നു സർവരും ഇതിന്റെ ഉത്തരവാദികളായി മുദ്രകുത്തിയിരുന്നത്. ന്യൂറംബർഗ് വിചാരണയുടെ സന്ദർഭത്തിൽ നാസി ഭടന്മാർ വെളിപ്പെടുത്തിയതോടെയാണ് അത് നാസികൾ തന്നെ ചെയ്തതാണെന്ന് തെളിഞ്ഞത്. ഇന്ത്യയിൽ ഗോധ്ര മുതൽ പാർലമെന്റ് ആക്രമണം വരെയുള്ള കേസുകളിൽ ഉത്തരവാദിത്വം മുസ്‌ലിംകളിൽ ചുമത്തപ്പെട്ടു. എന്നാൽ പലവിധ സാഹചര്യത്തെളിവുകൾ മുൻനിർത്തി ഇപ്പോഴും ഈയാരോപണം ശക്തിയായി ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആശയങ്ങൾ നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കണമെന്ന് ഹിറ്റ്ലറുടെ സഹചരനായിരുന്ന ഗീബൽസ് ഓർമിപ്പിച്ചിരുന്നു. അങ്ങനെ ഏതു നുണയെയും സത്യമാക്കി മാറ്റാനാവുമെന്നയാൾ പഠിപ്പിച്ചു. മുതലാളിത്തം പരസ്യതന്ത്രങ്ങളിലൂടെ അതിജീവനം നേടുന്നതുപോലെതന്നെ ഇതും.

## സങ്കുചിത ദേശീയത, അപരവത്കരണം

ഫാഷിസ്റ്റുകളുടെ ദേശീയതാസങ്കൽപം ദേശസ്വത്വത്തെ നിഷേധാത്മകമായാണ് സമീപിക്കുന്നത്. വൈവിധ്യങ്ങൾക്ക് സ്ഥാനമില്ലാത്തവിധം ദേശസംസ്കാരം ഏകപക്ഷീയമാണെന്ന ചിന്തയാണത്. വംശീയതയാണ് ഇതിന്റെ ആധാരം. വംശോൽകൃഷ്ടതയിൽ ഫാഷിസം ഊന്നുന്നു. ഇറ്റാലിയൻ വംശജർ ഉൽകൃഷ്ടരാണ്, എന്തെന്നാൽ അവർ അവരുടെ വംശവിശുദ്ധി നിലനിർത്തിയിട്ടുണ്ട് എന്ന് മുസ്സോളിനി പ്രഖ്യാപിച്ചു. ജർമൻ ആര്യന്മാരെക്കുറിച്ച ഹിറ്റ്ലറുടെ വാദവും അതുതന്നെയായിരുന്നു. ഇന്ത്യയിലെ സാംസ്കാരിക ദേശീയതാവാദികൾ ബ്രാഹ്മണദേശീയതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ ബ്രാഹ്മണ ദേശീയതയാകട്ടെ, ഇന്ത്യക്കാർ തന്നെയായ ബഹുഭൂരിഭാഗത്തിനും (സ്ത്രീകൾ, കീഴാള പക്ഷക്കാർ, അയിത്ത ജാതിക്കാർ, ഗോത്ര സമൂഹങ്ങൾ...) പൂർണ മനുഷ്യരായിരിക്കാനുള്ള അവകാശം പോലും നിഷേധിക്കുകയും ചെയ്യുന്നു (മീരാനന്ദ, Prophets facing Backwards). ഗോത്ര സമൂഹങ്ങൾ കാട്ടുവാസികളാണ്. ഉന്നതമായ സാഹോദര്യബോധവും മാനവികതയും വെച്ചുപുലർത്തിയിരുന്ന നിഷാദരെക്കുറിച്ച നീചസങ്കൽപം പൊതുബോധത്തിലേക്ക് കടത്തിവിട്ടത് ബ്രാഹ്മണ പുരാണങ്ങളാണ്. നീചവൃത്തികളെ കാട്ടാളത്തമെന്നോ കിരാതമെന്നോ വിശേഷിപ്പിക്കുന്ന പ്രവണത നമ്മുടെ വ്യവഹാര ഭാഷയുടെ തന്നെ ഭാഗമായിത്തീർന്നിട്ടുണ്ട്. അങ്ങനെ ഭാഷ പോലും അപകടകരമാംവിധം വരേണ്യ പക്ഷത്തായിത്തീരുന്നു.

പാപിയും അധർമിയുമായ വേനൻ എന്ന രാജാവിന്റെ പുത്രന്മാരാണ് നിഷാദനും പൃഥുവും. നിഷാദൻ കറുത്ത് കുറിയവൻ, പൃഥു അഗ്നിയുടെ നിറമുള്ളവൻ. വേനന്റെ പാപവുമായി കാട്ടിലേക്കു പോയ നിഷാദന്റെ പിന്മുറക്കാരാണത്രെ, 'അപരിഷ്കൃതരും പാപകർമ തൽപരരു

മായ' നിഷാദന്മാർ അഥവാ കറുമ്പൻ കാട്ടാളന്മാർ. അഗ്നിയുടെ നിറമുള്ള പൃഥു വിനെ ദൈവാവതാരമായും വാഴ്ത്തുന്നു (വിഷ്ണുപുരാണം, ഒന്നാം അംശം 13-ാം അധ്യായം). വരേണ്യ പുരാവൃത്തങ്ങളിൽ ധർമാധർമങ്ങളുടെ അടിസ്ഥാനം വർണ മാകുന്നു. ഔന്നത്യ നീചത്വങ്ങൾക്ക് നിദാ നവും അതുതന്നെ; ശേഷം ലിംഗവും. സ്ത്രീയെ പണയവസ്തുവാക്കുന്നതിലെ ധാർമികതയെ ആരും ചോദ്യം ചെയ്തു കാണുന്നില്ല. സ്വയം പണയവസ്തുവായി ക്കഴിഞ്ഞ ശേഷം രാജാവിന് ഭാര്യയെ പണയം വെക്കാനധികാരമുണ്ടോ എന്നേ ദ്രൗപദി തന്നെയും ചോദിക്കുന്നുള്ളൂ. പണയപ്പെട്ടു കഴിഞ്ഞയാൾക്ക് പണയംവെക്കാനധികാരമില്ലെങ്കിലും സ്ത്രീ ഭർത്താവിന്റെ ദാസിയാണെന്ന ന്യായം വീരനും രുഷ്ടനുമായ ഭീമസേ നൻ പോലും ഉന്നയിക്കുന്നുമുണ്ട് (മഹാ ഭാരതം, സഭാപർവം: ദ്യൂതപർവം: ദ്രൗപദി പ്രശ്നം). നിഷാദനായ ഘടോൽക്കചന്റെ രക്തത്തേക്കാൾ മൂല്യം ആര്യനായ അർജുനന്റെ രക്തത്തിനുണ്ടെന്ന തീർപ്പും ചരിത്രത്തിന്റെയോ ഇതിഹാസത്തി ന്റെയോ വരേണ്യപക്ഷവായനയിൽ നിന്നോ സവർണ പുരാവൃത്ത രചന യിൽനിന്നോ ഉണ്ടാകുന്നതാണ്. കറുത്ത വനെ ഫാഷിസ്റ്റ് വംശീയത പാപിയായി വിലയിരുത്തുമ്പോൾ, വർണ സാമ്രാ ജ്യത്വം അവനെ അപരിഷ്കൃതനെന്നു മുദ്രയടിക്കുന്നു.

അപരവത്കരണം വംശീയതയുടെ കൂടപ്പിറപ്പാണ്. അപരനെ പാപിയും കൊള്ളരുതാത്തവനുമായി അത് കാണു ന്നു. ഇസ്രാഈൽ വംശജരുടെ ചരിത്ര ത്തിലും അതു കാണാം. ഈജിപ്തിൽ കോപ്റ്റിക് വംശീയതയുടെ ഇരകളായി രുന്ന അവർ പിന്നീട് ഏറ്റവും കടുത്ത വംശീയവാദികളാവുന്നു. ഇസ്രാഈല്യ രുടെ വംശവിശുദ്ധി ബോധത്തിൽനിന്നു കൊണ്ടാണ് സെന്റ് പോൾ, ഇസ്മാഈൽ സന്തതികളെ വിമർശിക്കുന്നത്. അബ്ര ഹാമിന്റെ രണ്ടു മക്കളിൽ ഒരാൾ സ്വത ന്ത്രയിൽനിന്ന് വാഗ്ദാന പ്രകാരവും മറ്റേ യാൾ ദാസിയിൽനിന്ന് ശാരീരികം മാത്ര മായും ജനിച്ചു. നമ്മൾ സ്വതന്ത്രയുടെ മക്കളും വിശുദ്ധരുമാണെന്ന പ്രഖ്യാപനം പൗലോസിന്റെ ഇടയലേഖനത്തിൽ വായിക്കാം. കാട്ടുകഴുത പോലെത്തെ ശബ്ദമുള്ളവൻ, ചാർച്ചക്കാരോട് വിരോ ധിച്ച് മാറിത്താമസിക്കുന്നവൻ എന്നെല്ലാം ഇസ്രാഈൽ പ്രമാണങ്ങ ളിൽതന്നെ ഇസ്മാഈലിനെ വിശേഷി

ദൈവമല്ല, മനുഷ്യനാണ് പ്രധാനം എന്ന് ആധുനികത തീരുമാനിച്ചപ്പോൾ ദൈവമോ മനുഷ്യനോ അല്ല, രാഷ്ട്രമാണ് പ്രധാനം എന്ന് ഫാഷിസം പ്രഖ്യാ പിക്കുകയും രാഷ്ട്രം എന്നതിനെ ആദർശ വും ആത്മീയതയുമാ ക്കുകയും വംശീയ ദേശീയതയിൽ രാഷ്ട്ര ത്തിന്റെ ഘടനയും സ്വത്വവും നിർണയിക്കു കയും ചെയ്യുന്നു. രാഷ്ട്രം എന്ന ഘടനയെക്കാളും കൂടുതൽ മാനവികമായ മതമൂ ല്യങ്ങളെ തിരസ്കരിക്കാനുള്ള മാനസികാ വസ്ഥയിൽനിന്നാണ് മതമല്ല, രാഷ്ട്രം എന്ന തീർപ്പുണ്ടാകുന്നത്.



പ്പിക്കുന്നതും കാണുന്നു. വർണവും വംശ വും ഉൽകൃഷ്ടതയുടെ മാനദണ്ഡങ്ങളാ യിത്തീരുന്ന ഈ ചിന്തയുടെ ഇരകളായി വീണ്ടും നാസി ജർമനിയിൽ അവർ മാറി യത് ചരിത്രം നൽകിയ മറ്റൊരു പാഠം.

പ്രപഞ്ചം മിഥ്യയാണെന്നും ആത്മാവ് ഏകമാണെന്നും വാദിക്കു മ്പോഴും ബ്രാഹ്മണനായ ശങ്കരാചാര്യർ ചണ്ഡാലശരീരം എന്ന 'മിഥ്യ'യുടെ അശുദ്ധിയെക്കുറിച്ച മിഥ്യാസങ്കൽപ ത്തിൽ നിന്ന് മുക്തനായില്ല. 'മാറിപ്പോ' എന്നാക്രോശിച്ച ആചാര്യനോട് 'മാറേ ണ്ടത് ദേഹമോ ദേഹിയോ' എന്നു ചോദിച്ചു ചണ്ഡാലൻ. ദേഹമാണെങ്കിൽ ആചാര്യന്റെ തന്നെ ദർശനപ്രകാരം അത് വെറും മിഥ്യ. മായയായ ദേഹം എങ്ങോട്ട് മാറാൻ? ദേഹിയാണെങ്കിൽ അത് ആചാ ര്യനും ചണ്ഡാലനും വെവ്വേറെയില്ല താനും. നിവർന്നുനിന്ന് ഇത് ചോദിക്കാൻ ചണ്ഡാലനിൽ തന്റേടമുണ്ടാക്കിയത് ബുദ്ധനും അദ്ദേഹത്തിന്റെ ധർമപാഠങ്ങ ളുമാവണം. തന്റേടിയായ ചണ്ഡാലൻ വിപ്ലവകാരിയായി വാഴ്ത്തപ്പെടുന്നതിനെ ഭയന്ന് അദ്ദേഹത്തെ ഈശ്വരാവതാര മാക്കി പുരാവൃത്തം ചമച്ചതാകാം ആചാ ര്യന്റെ അനുയായികൾ.

ഇപ്രകാരം ശ്രേണീബദ്ധമായ ഒരു സാമൂഹിക ക്രമത്തെയാണ് ബ്രാഹ്മണിക പുരാണങ്ങൾ മുന്നോട്ടുവെക്കുന്നത്. "ഫാഷിസം എക്കാലത്തും വിശുദ്ധി യിലും വീരഭാവത്തിലും വിശ്വസിക്കു ന്നു... മനുഷ്യരാശിക്ക് മാറ്റാൻ പറ്റാ ത്തതും പ്രയോജനപ്രദവും സഫലവു മായ അസമത്വത്തെ ഫാഷിസം സ്ഥിരീകരിക്കുന്നു" (മുസ്സോളിനി).

## ശാസ്ത്രവും ചരിത്രവും പുരാവൃത്തങ്ങളും

ബ്രാഹ്മണ ദേശീയതയുടെ മൂലത ത്വങ്ങളിലേക്കുള്ള തിരിച്ചുപോക്ക് തികച്ചും ശാസ്ത്രീയമാണെന്നു വരു ത്താനും ശ്രമമുണ്ട്. ഇതിന്റെ ഭാഗമായി, ഒരു വശത്ത് സമഗ്രമായ ഒരു ശാസ്ത്ര ധാര വൈദിക-വേദാന്ത ചിന്തകളിൽ ആദ്യമേ ഉണ്ടായിരുന്നെന്ന അവകാശവാ ദമുന്നയിക്കുന്നു. വേദിക് സയൻസ്, വേദിക് മാത്മാറ്റിക്സ് തുടങ്ങിയ പ്രയോ ഗങ്ങൾ ശ്രദ്ധിക്കുക. അങ്ങനെയാണ് യക്ഷിക്കഥകളിലെ പറക്കും കുതിരയും മാന്ത്രികവടി പോലെയോ മറ്റോ പുരാണ ങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പുഷ്പകവും ബ്രഹ്മാസ്ത്രവുമൊക്കെ വിമാനത്തി ന്റെയും അണുബോംബിന്റെയും മറ്റും മാതൃകകളായത്. മറുവശത്ത് ജ്യോതി ഷം, മന്ത്രവാദം പോലുള്ള ശാസ്ത്രവി രുദ്ധ വ്യവഹാരങ്ങളും ശുദ്ധാശുദ്ധങ്ങളു മായി ബന്ധപ്പെട്ട അയുക്തിക ധാരണ

കളും ശാസ്ത്രീയമാവുകയും ചെയ്തു.

വംശവിശുദ്ധിയെ ശാസ്ത്രമാക്കുന്നതിന് ഹിറ്റ്ലർ അവലംബമാക്കിയത് റോസൻബർഗിന്റെ ആര്യസിദ്ധാന്തത്തെയാണ്. നവ ആര്യവാദം എന്ന പേരിൽ ഇന്ത്യൻ ഫാഷിസത്തിനുമുണ്ടൊരു ചരിത്രശാസ്ത്രപാഠം. അർഹതയുള്ള ജീവിവർഗങ്ങളുടെ അതിജീവനത്തെപ്പറ്റിയുള്ള ഡാർവിന്റെ ശാസ്ത്രം മുതലാളിത്തത്തിനും ഫാഷിസത്തിനും ഒരുപോലെ പിടിവള്ളിയായിരുന്നിട്ടുണ്ട്. സ്വന്തം അതിജയത്തിനുള്ള പോരാട്ടവും കീഴടക്കപ്പെട്ടവർക്കു മേലുള്ള അധിനിവേശവും പ്രകൃതിനിയമമാവുകയാണല്ലോ? മുസ്സോളിനിയുടെ അഭിപ്രായത്തിൽ സ്ത്രീക്ക് മാതൃത്വം പോലെയാണ് പുരുഷന് യുദ്ധം. യുദ്ധമാണല്ലോ സൂപ്പർമാനെ സൃഷ്ടിക്കുന്നത്. നീഷേയുടെ സൂപ്പർമാൻ വിട്ടുവീഴ്ചയും അലിവുമില്ലാത്തവനാണ്. 'മനുഷ്യനെ ദുർബലനാക്കുന്ന' എല്ലാ നൈതിക ധാർമിക ചിന്തകൾക്കും മേൽ അതിജയം നേടിയവനാണ്. ദാരിദ്ര്യവും അശരണത്വവും സൂപ്പർമാന്റെ പിറവിക്ക് കാരണമാകാം. എന്നാൽ ഫാഷിസം, അപരന്മാരും ശത്രുക്കളും നഷ്ടപ്പെടുത്തിക്കളഞ്ഞ പ്രതാപൈശ്വര്യങ്ങളെക്കുറിച്ച അസത്യങ്ങളാലും ചരിത്ര ദുർവ്യാഖ്യാനങ്ങളാലുമാണ് വീര്യമുണർത്തിവിട്ടത്. പണവും അധികാരവും യഹൂദന്റെ കൈയിലാണെന്ന ബോധം സൃഷ്ടിച്ചെടുത്തുകൊണ്ടാണ് ഹിറ്റ്ലർ വംശീയ വികാരമിളക്കിവിട്ടത്. ഇന്ത്യൻ ഫാഷിസമാകട്ടെ, മുസ്ലിംകളെയും ക്രിസ്ത്യാനികളെയും അക്രമികളും ഇന്ത്യൻ ദേശീയതയുടെ ആന്തരിക ഭീഷണികളുമായി ചിത്രീകരിച്ചു. അമ്പലങ്ങൾ തകർക്കപ്പെട്ടതിന്റെയും പെണ്ണുങ്ങൾ അപഹരിക്കപ്പെട്ടതിന്റെയും കണക്കുകളുണ്ടാക്കി വിദ്വേഷമുണർത്തി. അധമ മ്ലേഛ വംശങ്ങളെ ഉന്മൂലനം ചെയ്തെങ്കിൽ മാത്രമേ വംശീയവും ദേശീയവുമായ അന്തസ്സ് വീണ്ടെടുക്കാൻ കഴിയൂ എന്നു വരുത്തി. നിങ്ങൾക്ക് ജീവിക്കാനുള്ള ഒരേയൊരു വഴി നിങ്ങളുടെ ശത്രുവിനെ നശിപ്പിക്കുക എന്നതു മാത്രമാണ്. വെറുപ്പും വിദ്വേഷവുമാണ് നിലനിൽക്കുന്ന മൂല്യങ്ങൾ. ഈ മൂല്യങ്ങളുടെ പ്രയോഗവത്കരണമാണ് കൊലയും യുദ്ധവും.

ദേശീയമോ അന്തർദേശീയമോ ആയ സമാധാനമെന്നത് മുസ്സോളിനിയുടെ അഭിപ്രായത്തിൽ ഭീരുവിന്റെ സ്വപ്നം മാത്രമാണ്. "ഫാഷിസം ശാശ്വത സമാധാനത്തിന്റെ സാധ്യതയിലോ പ്രയോജനത്തിലോ വിശ്വസിക്കുന്നില്ല. സമാധാനവാദ സിദ്ധാന്തത്തെ അത് നിരാകരിക്കുന്നു... മുഴുവൻ മനുഷ്യ ഊർജത്തെയും അതിന്റെ അത്യുന്നത മാനസിക സംഘട്ടനത്തിലേക്ക് കൊണ്ടുവരുന്നതും അതിനെ നേരിടാൻ ധൈര്യമുള്ള ജനതക്കു മേൽ ഔന്നത്യത്തിന്റെ മുദ്ര പതിപ്പിക്കുന്നതും യുദ്ധം മാത്രമാണ്... സമാധാനത്തിന്റെ തത്ത്വത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ള സിദ്ധാന്തങ്ങൾ ഫാഷിസത്തിന് ശത്രുതാപരമാണ്" (മുസ്സോളിനി).

ലോകസമാധാനം എന്ന ആശയത്തോട് മുസ്സോളിനി പുലർത്തിയ അതേ നിലപാട് ഇന്ത്യയിൽ ഹിന്ദു-മുസ്ലിം ഐക്യത്തെപ്പറ്റി ഗോൾവൽക്കറും പുലർത്തിയിരുന്നു. ഗോൾവൽക്കറുടെ അഭിപ്രായത്തിൽ ഐക്യത്തെപ്പറ്റി പറയുന്നവർ ഭീരുക്കളാണ്. മഹാഭാരതത്തിലെ ബകവധ കഥയെ ഉപജീവിച്ച് *വിചാരധാര*യിൽ അത് വിവരിക്കുന്നുണ്ട്. ബകൻ എന്ന ഭീകരനും ശത്രുവുമായ രാക്ഷസന്റെ ഉപദ്രവത്തിൽനിന്ന് രക്ഷ നേടാൻ ഏകചക്രാപുരി ഗ്രാമവാസികൾ അവനെ പ്രീണിപ്പിച്ചു നിർത്താൻ ശ്രമിച്ചു. ദിവസേന ഒരു വണ്ടി ചോറും വണ്ടി വലിക്കുന്ന പോത്തുകളും വണ്ടിക്കാരനും ബകന് ഭക്ഷണം. എന്നാൽ ഭീമസേനൻ ബകനെ 'വാടാ, കണക്കു തീർത്തുകളയാം' എന്നു പറഞ്ഞ് നേരിട്ട് വധിച്ചുകളഞ്ഞു. ബകൻ, ഗോൾവൽക്കറുടെ വീക്ഷണത്തിൽ അപരവത്കരിക്കപ്പെട്ട, ശത്രുവെന്നു കൽപിക്കപ്പെടുന്ന മുസ്ലിമിനെ പ്രതിനിധീകരിക്കുന്നു. ഏകചക്രാപുരിക്കാരെ പോലെ ഭീരുത്വം കൊണ്ടു മാത്രമാണ് ഒരു വിഭാഗം ഐക്യത്തെപ്പറ്റി സംസാരിക്കുന്നത്. 'വാടാ, കണക്കു തീർക്കാം' എന്ന നിലപാടാണ് തങ്ങളുടേതെന്ന് ഗോൾവൽക്കർ വിവരിക്കുന്നു.

## രാഷ്ട്രം, സാന്മാർഗികത, ആത്മീയത

വ്യക്തിസ്വാതന്ത്ര്യത്തെ തീർത്തും നിരാകരിക്കുന്ന തലത്തോളം വരുന്നതാണ് ഫാഷിസത്തിൽ സാമൂഹിക ഘടന. രാഷ്ട്രത്തിന്റെയും അധികാരത്തിന്റെയും പ്രവർത്തന മേഖലക്ക് പരിധിയില്ല. ഫാഷിസത്തിന്റെ അടയാളമാണ് സ്വസ്തിക. അത് വിധേയത്വത്തെ സൂചിപ്പിക്കുന്നു. കെട്ടപ്പെട്ട കൈകളാണ് സ്വസ്തിക (എം.എൻ വിജയൻ).

എന്നാൽ രാഷ്ട്രം ആത്മീയവും സാന്മാർഗികവുമാണെന്നാണ് മുസ്സോളിനിയുടെ പ്രഖ്യാപനം. ആധ്യാത്മികതയുടെ അഭാവം കൊണ്ടാണ് ജനങ്ങൾക്ക് മുന്നേറ്റമുണ്ടാവാത്തതെന്നും മുസ്സോളിനി പറഞ്ഞു. ഹിന്ദുത്വവാദികളും ആത്മീയതയെയും സാന്മാർഗികതയെയും പറ്റി വാചാലരാണ്. ലോകം ആധ്യാത്മിക സമ്പൂർണതക്കും മുക്തിക്കും വേണ്ടി ദാഹിക്കുകയും അതിനായി ഭാരതത്തെ ഉറ്റുനോക്കുകയും ചെയ്യുന്നുണ്ടെന്നാണ് സങ്കൽപം.

യഥാർഥത്തിൽ ഈ ആത്മീയതയും ആധാരമായിരിക്കുന്നത് വംശീയതയിൽതന്നെ. ഒരു പ്രത്യേകതരം സാംസ്കാരിക ധാരയുമായി യോജിച്ചു പോകുന്ന അനുഷ്ഠാനങ്ങൾക്കും ആഘോഷങ്ങൾക്കും ദേശീയപദവി നൽകുന്നു. ഇപ്രകാരം പ്രാദേശികതലങ്ങളിൽ ഒതുങ്ങിനിന്നിരുന്ന പലതും ഉയർത്തപ്പെട്ടു. ഒപ്പം ആത്മീയതയുമായി ബന്ധപ്പെട്ട മറ്റു രീതികളോടും സങ്കൽപങ്ങളോടും കടുത്ത അസഹിഷ്ണുത വെച്ചുപുലർത്തി. ബാബരി മസ്ജിദ് ധ്വംസനമാണല്ലോ ഹിന്ദുത്വ ആത്മീയതയുടെ സ്വാഭിമാന പ്രതീകമായി കീർത്തിക്കപ്പെടുന്നത്. ഒരു പ്രാർഥനായോഗത്തിനു തൊട്ട് ഗാന്ധിജിയെയും ഇതേ ആത്മീയത വെടിവെച്ചു കൊന്നുകളഞ്ഞു.

രാഷ്ട്രം ആത്മീയതയിലധിഷ്ഠിതം എന്നല്ല, ദേശീയതയിലധിഷ്ഠിതമായ രാഷ്ട്രംതന്നെയാണ് ആത്മീയത എന്നാണ് വരുന്നത്. രാഷ്ട്രം ഏറ്റവും വലുത് എന്ന മുദ്രാവാക്യം അതിന്റെ ഭാഗമാണ്. ദൈവമല്ല, മനുഷ്യനാണ് പ്രധാനം എന്ന് ആധുനികത തീരുമാനിച്ചപ്പോൾ ദൈവമോ മനുഷ്യനോ അല്ല, രാഷ്ട്രമാണ് പ്രധാനം എന്ന് ഫാഷിസം പ്രഖ്യാപിക്കുകയും രാഷ്ട്രം എന്നതിനെ ആദർശവും ആത്മീയതയുമാക്കുകയും വംശീയ ദേശീയതയിൽ രാഷ്ട്രത്തിന്റെ ഘടനയും സ്വത്വവും നിർണയിക്കുകയും ചെയ്യുന്നു. രാഷ്ട്രം എന്ന ഘടനയെക്കാളും കൂടുതൽ മാനവികമായ മതമൂല്യങ്ങളെ തിരസ്കരിക്കാനുള്ള മാനസികാവസ്ഥയിൽനിന്നാണ് മതമല്ല, രാഷ്ട്രം എന്ന തീർപ്പുണ്ടാകുന്നത്. ഇങ്ങനെ ഫാഷിസം ഒരുതരം ജനവിരുദ്ധ ആധുനികതയെ പ്രതിനിധീകരിക്കുന്നു. മതം അതിന്റെ യഥാർഥ വിശുദ്ധിയിൽ വളരെ വിശാലവും മാനവികതയെ ഉയർത്തിപ്പിടിക്കുന്നതുമാണ്. രാഷ്ട്രം എന്നതാകട്ടെ, അധികാരമാണ്. ഫാഷിസത്തിലാകട്ടെ, ഒട്ടും അയവില്ലാത്ത സർവാധിപത്യമാണ് രാഷ്ട്രം. ജനവിരുദ്ധമായ ഒരു മതമായി രാഷ്ട്രത്തെ പരിവർത്തിപ്പിക്കലുമാണത്. നിങ്ങളുടെ നേതാക്കന്മാരെ അനുസരിക്കണമെന്ന് പൗരനോടാവശ്യപ്പെടുന്ന മതം

അവനിൽതന്നെ 'നീ തെറ്റിയാൽ ഞങ്ങൾ നിന്നെ വാളു കൊണ്ട് തിരുത്തും'എന്ന് ഭരണാധികാരിയോട് പറയാനുള്ള ധൈര്യം നിക്ഷേപിക്കുകയും അങ്ങനെ പറയാനുള്ള ചുമതല നൽകുകയും ചെയ്യുന്നുണ്ട്. ഈ ധാർമികതയുടെയും പരിവർത്തനോന്മുഖതയുടെയും വിപ്ലവാത്മകതയുടെയും നിരാകാരമാണ്, രാഷ്ട്രം ആദ്യം പിന്നെ മതം എന്ന മുദ്രാവാക്യം. ആദ്യം മനുഷ്യൻ പിന്നെ രാഷ്ട്രം എന്നതായിരിക്കും മതം നൽകുന്ന അനുശാസന.

ജനങ്ങളോടുള്ള കൂടിയാലോചന എന്നത് മതം പരിശീലിപ്പിക്കുന്ന സാമൂഹിക ഘടനയുടെ മറ്റൊരു പാഠമായിരിക്കുമ്പോൾ ഫാഷിസം ജനാധിപത്യവിരുദ്ധതയിൽ നില കൊള്ളുന്നു. പൊതുജനം തിരിച്ചറിവില്ലാത്തവരാണ് എന്ന കാരണം പറഞ്ഞ് പൊതുജനാഭിപ്രായമെന്ന ആശയത്തെ മുസ്സോളിനി തള്ളിക്കളയുന്നുണ്ട്. ഇങ്ങനെ രാഷ്ട്രം ഒരു സർവാധിപത്യ ഘടനയായി മാറുകയും ജനവികാരം നിരാകരിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്നത് ഭരണകൂട ഭീകരതയായിരിക്കും. അതുകൊണ്ടാണ് പോട്ടയേക്കാൾ കടുത്ത നിയമത്തെപ്പറ്റി ഫാഷിസ്റ്റ് ദേശീയവാദികൾ സംസാരിക്കുന്നത്.

ഫാഷിസം പ്രതിനിധീകരിക്കുന്ന അക്രാമക ദേശീയതയുടെ വികാസം സാമ്രാജ്യത്വത്തിലധിഷ്ഠിതവും കൂടിയായിരിക്കും. 'ജീവിതത്തിന്റെ മാറ്റമില്ലാത്ത നിയമമാണ് സാമ്രാജ്യത്വ'മെന്ന് മുസ്സോളിനി. ഇപ്രകാരം വംശീയ-ദേശീയവാദികളുടെ ധാർമിക, ആധ്യാത്മിക രാഷ്ട്രമെന്നത് ജനവിരുദ്ധ സർവാധിപത്യ ഘടനയിലുള്ള രാഷ്ട്രം, സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും നിഷേധം, അപരവത്കരണം, സാമ്രാജ്യത്വം തുടങ്ങിയവയുടെ ഒത്തുചേരലായിത്തീരുന്നു.

ഇന്ത്യയിൽ ഫാഷിസ്റ്റ് ദേശീയവാദികൾ രാഷ്ട്രം എന്ന സംജ്ഞയെ, ഹിന്ദു എന്ന വാക്കിന് അവർ തന്നെ സങ്കൽപിച്ചെടുക്കുന്ന അർഥത്തിൽ, അതിന്റെ പര്യായമായാണ് ഉപയോഗിക്കുന്നത്. 'രാഷ്ട്രീയ സ്വയം സേവക് സംഘ്' എന്ന പേരിനെ അവർ ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്: "എന്തുകൊണ്ട് ഹിന്ദു എന്നല്ലാതെ രാഷ്ട്രീയ എന്നുപയോഗിച്ചു? നമ്മുടെ നാട്ടിൽ രാഷ്ട്രീയ എന്ന പദത്തിന്റെ അർഥം ഹിന്ദു എന്നുതന്നെയാണെന്നും അതിനാൽ ഹിന്ദു എന്ന പദം (പ്രത്യേകം) ഉപയോഗിക്കേണ്ടതില്ലെന്നും ഡോക്ടർജി പറയാറുണ്ടായിരുന്നു" (എം.എസ് ഗോൾവൽക്കർ, *വിചാരധാര*- 'ഭൂപരമായ ദേശീയത' എന്ന അധ്യായം). ഫാഷിസ്റ്റുകൾ രാഷ്ട്രം ആദ്യം പിന്നെ മതം എന്നു പറയുമ്പോഴും അർഥം മറ്റൊന്നല്ല.

ഭൂമിയെക്കുറിച്ചും വിശാലമായ ഭൂമിയിൽ മനുഷ്യസമൂഹത്തിന്റെ വ്യാപനത്തെക്കുറിച്ചും അങ്ങനെ അതിരുകൾക്ക് വിധേയമല്ലാത്ത മാനവ പൊതുപൈതൃകത്തേയും ജനിതകത്തെയും കുറിച്ചും മതം സംസാരിക്കുമ്പോൾ, ഫാഷിസം മാതൃരാജ്യമെന്ന സങ്കുചിതത്വത്തിലേക്ക് ദർശനത്തെ ചുരുക്കുകയാണ് ചെയ്യുന്നത്. ■